പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6626 — 21.11.2019 ൽ മറുപടിക്ക്

## സമുദ്രമത്സ്യബന്ധന നിയന്ത്രണ ബിൽ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പാറക്കൽ അബ്ദുല്ല : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | കേന്ദ്രസർക്കാർ തയ്യാറാക്കുന്ന സമുദ്രമത്സ്യബന്ധന നിയന്ത്രണ ബിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂച്ചുവിലങ്ങിടുന്നതും വിദേശ യാനങ്ങൾക്ക് അമിതസ്വാതന്ത്ര്യം നൽകുന്നതുമാണെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; | (എ) | പരിശോധിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ പുതിയ ബിൽ പ്രകാരം തീരക്കടലിന്റെ പരിപാലനാവകാശം കേന്ദ്രത്തിൽ നിക്ഷിപ്തമാകുന്നത് ഉണ്ടാക്കിയേക്കാവുന്ന പ്രത്യാഘാതങ്ങൾ പരിശോധിക്കുകയുണ്ടായോ; വിശദാംശങ്ങൾ നൽകുമോ? | (ബി) | പരിശോധിച്ചു. സംസ്ഥാനങ്ങളുടെ അധികാര പരിധിയായ 12 നോട്ടിക്കൽ മൈൽ വരെയുള്ള തീരക്കടലിൽ നിലവിൽ സംസ്ഥാനങ്ങൾക്കുള്ള അധികാരം നിലനിർത്തണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അക്കാര്യം കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ